ടുത്തുന്ന വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ നിർവ്വാഹമില്ല എന്ന് വനം വന്യജീവി വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം പരഗണിക്കാവുന്നതാണ്.

243 (1422) വ്യവസായ മാലിന്യം ഉല്പന്നമാക്കാനുള്ള പദ്ധതി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ മാലിന്യം ഉല്പന്നമാക്കാനുള്ള ഏതെങ്കിലും പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം വ്യവസായ സ്ഥാപനങ്ങളെ ഈ പദ്ധതിക്കു കീഴിൽ കൊണ്ടുവരാനാണ് തീരുമാനിച്ചിട്ടുള്ളത്;

(സി) ഈ പദ്ധതിക്ക് ഏതെങ്കിലും വിദേശസഹായം ലഭിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ഉദിക്കുന്നില്ല.

244 (1423) സോഫ്റ്റ്വെയർ വ്യവസായ രംഗത്ത് പുരോഗതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഫ്റ്റ്വെയർ രംഗത്ത് സംസ്ഥാനത്ത് പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ ഏതെല്ലാമാണ്;

(ബി) സോഫ്റ്റ്വെയർ വ്യവസായ പുരോഗതിക്ക് എന്തെല്ലാം സഹായങ്ങളാണ് വ്യവസായ സംരംഭകർക്ക് സർക്കാർ നൽകിവരുന്നത്;

(സി) ഇതിൽ കയറ്റുമതി പ്രോത്സാഹനത്തിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് സർക്കാർ നൽകിവരുന്നത്;

(ഡി) സോഫ്റ്റ്വെയർ കയറ്റുമതി വഴി എത്ര രൂപയാണ് സംസ്ഥാനത്തിന് 1999 നവംബർ 30 വരെ വരുമാനം ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഇ) സോഫ്റ്റ്വെയർ വ്യവസായത്തിന്റെ അനന്തസാദ്ധ്യതകൾ പ്രയോജനപ്പെടുത്തി വർദ്ധിച്ചുവരുന്ന അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) കെൽട്രോണിന്റെ കോർപ്പറേറ്റ് ഇൻഫർമേഷൻ ടെക്നോളജി സെന്ററിനു കീഴിൽ തിരുവനന്തപുരത്തും അരൂരിലുമായി പ്രവർത്തിക്കുന്ന യൂണിറ്റുകളിൽ 15 സോഫ്റ്റ്വെയർ ഇഞ്ചിനീയർമാർ ആപ്ളിക്കേഷൻ സോഫ്റ്റ് വെയർ ഡെവലപ്മെന്റിൽ ഏർപ്പെട്ടിരിക്കുന്നു. കൂടാതെ കെൽട്രോണിന്റെ വാണിജ്യ പങ്കാളികളായ റ്റാറ്റാ ഇൻഫോടെക്, നെസ്റ്റ്, ക്രാൻ, പെന്റാ

LIBRARY ARCHIVES Kerala Legislative Assembly

നെറ്റ് മുതലായവയുമായി സഹകരിച്ച് സോഫ്റ്റ്വെയർ പ്രോജക്ടുകൾ ഏറ്റെടുത്തു ചെയ്യുന്നുണ്ട്.

കെൽട്രോൺ ഇൻഫോടെക് എഡ്യൂക്കേഷന്റെ കീഴിൽ 5 ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഓഫീസ് ഓട്ടോമേഷൻ, ഡാറ്റാ ബേസ് അഡ്മിനിസ്ട്രേഷൻ, നെറ്റ് വർക്കിംഗ്, ഇ-കോമേഴ്സ് എന്നിവയിലാണ് ട്രെയിനിംഗ് നൽകുന്നത്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) പത്തു വർഷത്തെ ഇൻകം ടാക്സ് ഹോളിഡേ കസ്റ്റംസ്, എക്സൈസ് തീരുവകളിൽ 100% ഇളവ്, സെയിൽസ് ടാക്സ് 100% ഇളവ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഡി) 1999 മാർച്ചുവരെ സംസ്ഥാനത്ത് 5700 ലക്ഷം രൂപയുടെ കയറ്റുമതി നടന്നിട്ടുണ്ട്.

(ഇ) (1) ഐ.റ്റി. വ്യവസായ സംരംഭകർക്ക് ഒരു വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ട് രൂപീകരിക്കുന്നു.

(2) കൊച്ചി തുടങ്ങിയ നഗരങ്ങളിൽ ഐ.റ്റി. പാർക്കുകൾ സ്ഥാപിക്കുന്നു.

(3) കൂടുതൽ പരിശീലനത്തിനും ഗുണനിലവാരം ഉറപ്പിക്കുന്നതിനും ഒരു സ്കൂൾ ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് സ്ഥാപിക്കുന്നു.

245 (1424) സഞ്ചാർ കമ്മ്യൂണിക്കേഷൻ പദ്ധതി

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസീസ് :
ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ നേവിയുടെ സഞ്ചാർ കമ്മ്യൂണിക്കേഷൻ പദ്ധതി സംബന്ധിച്ച് ഓർഡർ കെൽട്രോണിനു ലഭിക്കാതെ പോയ സാഹചര്യം ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ കാരണമെന്തായിരുന്നു;

(സി) ഇതേതുടർന്ന് ഗവണ്മെന്റ് ഇടപെടൽമൂലം ഈ പദ്ധതി സംബന്ധിച്ച് ഓർഡർ കെൽട്രോണിന് ലഭിക്കുകയുണ്ടായോ;

(ഡി) എങ്കിൽ പ്രസ്തുത ഓർഡർ അനുസരിച്ച് കെൽട്രോണിന്റെ ഭാഗത്തുനിന്നും നൽകേണ്ടിയിരുന്ന എഗ്രിമെന്റ് യഥാസമയം നൽകിയോ; ഇല്ലെങ്കിൽ കാരണമെന്തായിരുന്നു;

(ഇ) ഇതുമൂലം സഞ്ചാർ കമ്മ്യൂണിക്കേഷൻ സംബന്ധിച്ച വർക്ക് കെൽട്രോണിനു ലഭിക്കാതെ വന്നിട്ടുണ്ടോ; എത്ര തുകയ്ക്കുള്ള വർക്ക് ആയിരുന്നു ഇത്;

(എഫ്) എങ്കിൽ അതിനുത്തരവാദികളായവരുടെമേൽ എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly